**ക്രമപ്രശ്നം**

ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന് വിരുദ്ധം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2005-ലെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് എന്ന കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് എം.ജി.എൻ.ആർ.ഇ.ജി.എ. പദ്ധതി വഴി സംസ്ഥാനത്ത് തൊഴിൽ നൽകിവരുന്നത്. കേന്ദ്ര നിയമത്തിന്റെ ആറാം വകുപ്പിൽ തൊഴിലാളികൾക്ക് കൂലി നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യക്തമാക്കുന്നു. കൂലിയിൽ കുറവുവരുത്തുവാൻ പാടില്ല. കേന്ദ്ര നിയമത്തിലെ വ്യവസ്ഥയെ അധിലംഘിച്ച് തൊഴിലാളികളുടെ വേതനത്തിൽനിന്നും ഒരു നിശ്ചിത തുക കേന്ദ്ര ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്താതെ സംസ്ഥാന ക്ഷേമനിധി ബോർഡിലേയ്ക്ക് നൽകണമെന്ന വ്യവസ്ഥ നിലനിൽക്കുന്നതല്ല. ആക്ടിലെ ആറാം വകുപ്പിൽ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം മാത്രമാണ് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ വർഷത്തിൽ ശരാശരി ഇരുപത്തിരണ്ട് ദിവസം മാത്രം തൊഴിൽ ലഭിച്ചുവരുന്ന ഇവരുടെ വേതനത്തിൽനിന്നും അംശദായ ഇനത്തിൽ പ്രതിവർഷം 600/- രൂപ

ക്ഷേമനിധി വിഹിതമായി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുവാൻ സംസ്ഥാനത്തിന് കേന്ദ്ര ആക്ട് പ്രകാരം അധികാരമില്ല. തൊഴിലാളികളുടെ പക്കൽനിന്നും അംശദായം ഈടാക്കുന്നതിന് കേന്ദ്ര നിയമത്തിന് ഭേദഗതി വരുത്തുകയാണ് വേണ്ടത്. ക്ഷേമനിധി പ്രാബല്യത്തിൽ വന്ന തീയതി മുതൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുന്നതുവരെയുള്ള തൊഴിലാളികളുടെ അംശദായ വിഹിതം സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. അങ്ങനെയുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ ബിൽ നിയമപരമായി നിലനിൽക്കുന്നതല്ല. ഇരുപത്തിരണ്ട് ലക്ഷം തൊഴിലാളികളാണ് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി ആനുപാതികമായ തുക നൽകേണ്ടതുള്ളതിനാൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർത്തിരിക്കുന്ന ആവർത്തക ചെലവായ 68.5 കോടി രൂപ യാഥാർത്ഥ്യ ബോധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന് അംശദായമായോ ഗ്രാന്റായോ നൂറ് കോടി രൂപയിൽ അധികം ചെലവാണ് ക്ഷേമനിധി ബോർഡ് പ്രവർത്തനങ്ങൾ സജ്ജമാകുമ്പോൾ പ്രതിവർഷം

ഉണ്ടാകുക. ആയതിനാൽ ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരം തയ്യാറാക്കിയതല്ലെന്നുകാണുന്നു. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ഒബ്ജക്ഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഭരണഘടനയുടെ 213-ലെ clause (1) clause(2) പ്രകാരം ഒരു ഓർഡിനൻസ് വന്നാൽ ആ ഓർഡിനൻസ് തൊട്ടടുത്ത് നടക്കുന്ന നിയമസഭാ സമ്മേളനത്തിന്റെ ആറാഴ്ചയ്ക്കുള്ളിൽ നിയമം ആക്കേണ്ടതുണ്ടെന്നുള്ളത് ഭരണഘടനപരമായ വ്യവസ്ഥയാണ്. നടപടിക്രമമോ ചട്ടമോ ഒന്നുമല്ല. ഇത് ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിൽ പറയുന്ന കാര്യമാണ്. പഞ്ചായത്ത് രാജ് അമെന്റ്മെന്റും മുനിസിപ്പാലിറ്റി അമെന്റ്മെന്റും എന്തിനുവേണ്ടിയുള്ളതാണെന്നുകൂടി കാണണം. ഇക്കഴിഞ്ഞ മുനിസിപ്പൽ/പഞ്ചായത്ത് തെരഞ്ഞെടുപ്പിനുവേണ്ടി വരുത്തിയ ഭേദഗതിയാണ്.

ഭരണസമിതികൾവന്ന് പത്ത് മാസം കഴിഞ്ഞിട്ടാണ് ആ ഭേദഗതികളെ സാധൂകരിക്കാൻ ഒരു ഗവൺമെന്റ് മാറിയിട്ടാണ് നമ്മൾ ഇപ്പോൾ ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ കാര്യത്തിൽ കൃത്യമായി ഭരണഘടനാലംഘനം ഈ വിഷയങ്ങളിൽ ഉണ്ടായിട്ടുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ ആറാം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് പഞ്ചായത്ത് അംഗങ്ങളുടെ എണ്ണം ആദ്യം വർദ്ധിപ്പിച്ചു. പിന്നെ സമയമുണ്ടായില്ല, കോവിഡ് പ്രശ്നമൊക്കെയായപ്പോൾ വാർഡ് വിഭജനത്തിന് അവസരമില്ലാതെ പഴയ പ്രൊവിഷനിലേയ്ക്ക് തന്നെ പോകേണ്ടി വന്നു. അപ്പോൾ ഉണ്ടാക്കിയ ഭേദഗതി വീണ്ടും തിരുത്താൻ വേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത്. അങ്ങനെ പഴയ എണ്ണം വച്ചുതന്നെയാണ് തെരഞ്ഞെടുപ്പ് നടത്തിയത്. പക്ഷെ ഇവിടെ ഇപ്പോൾ ഭേദഗതി ചെയ്യുന്നത് ഏതാണ്? വർദ്ധിപ്പിച്ച സീറ്റുകളുടെ കാര്യംവച്ചിട്ട് ഇപ്പോളാണ് ഭേദഗതി ചെയ്യുന്നത്. പക്ഷെ ഇവിടെ ഒരു തെരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞു. ഇപ്പോൾ ഭരണ തുടർച്ചയുണ്ടായി. ഇതേ ഗവൺമെന്റുതന്നെ അധികാരത്തിൽ വന്നു. ഇനി അങ്ങനെയല്ലാത്ത സ്ഥിതി ഉണ്ടയെന്നുവയ്ക്കാം. കഴിഞ്ഞ ഗവൺമെന്റ്

ചെയ്ത ഒരു തെറ്റാണിത്. ആ അഭിപ്രായം അല്ലാത്ത ഒരു ഗവൺമെന്റ് വന്നാൽ അവർ ഇത് അംഗീകരിക്കുന്നില്ലെങ്കിൽ ഈ നാട്ടിലുണ്ടായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനവിധിയുടെ വിധിയെന്താകും, അതിന്റെ ഭാവിയെന്താകും? വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. ഇവിടെ സംഭവിച്ചത് ചൂണ്ടിക്കാണിക്കുകയാണ്, 2020 മേയ് മാസത്തിൽ ഓർഡിനൻസ് കൊണ്ടുവന്നു. ആഗസ്റ്റ് 24-ന് നിയമസഭ ചേർന്നു. ബിൽ കൊണ്ടുവന്നില്ല. ഓർഡിനൻസ് കാലഹരണപ്പെട്ടു. 2020 സെപ്റ്റംബറിൽ വീണ്ടും വിളംബരപ്പെടുത്തി. 2020 ഡിസംബർ 31 മുതൽ 2021 ജനുവരി 8 വരെ നിയമസഭ ചേർന്നു, ഓർഡിനൻസ് കൊണ്ടുവന്നില്ല. 2021 ഫെബ്രുവരിയിൽ വീണ്ടും ഓർഡിനൻസ് പുനരുജ്ജീവിപ്പിച്ചു. മൂന്നാമത്തെ തവണയാണ്. തെരഞ്ഞെടുപ്പിനുശേഷം 15-ാം കേരള നിയമസഭ വന്ന് രണ്ട് സമ്മേളനം കഴിഞ്ഞ് മൂന്നാം സമ്മേളനത്തിലേയ്ക്ക് പോകുമ്പോഴാണ് ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി നമ്മൾ വരുത്തിയ ഭേദഗതി വളരെ പെട്ടെന്ന് സാധൂകരിക്കാൻ...., പഞ്ചായത്ത് രാജ് ആക്ട് എന്ന് പറഞ്ഞാൽ കേന്ദ്ര നിയമമാണ്. അങ്ങനെയുള്ള ഒരു നിയമത്തിൽ വളരെ വലിയ

ഉദാസീനതയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതിൽ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് ഈ ബിൽ അവതരിപ്പിക്കുന്നതിന് മുമ്പുണ്ടാകണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ബിൽ ഭരണഘടനാ വിരുദ്ധം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2018 ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ തുടങ്ങിയ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്ന തരത്തിൽ നഗര ഗ്രാമാസൂത്രണ നിയമത്തിൽ പറഞ്ഞിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കത്തിലും നടപടിക്രമത്തിലും മാറ്റങ്ങൾ നിർദേശിച്ച സാഹചര്യത്തെ ഉപയോഗിച്ച് 2016-ലെ കേരള നഗര-ഗ്രാമസൂത്രണ നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾക്ക് ഭരണഘടനാ വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZD വിഭാവന ചെയ്യുന്നത് ജില്ലയ്ക്ക് മുഴുവനായിട്ടുള്ള വികസന പദ്ധതികളുടെ ഒരു കരട് എന്ന രീതിയിൽ ജില്ലാ വികസന രൂപരേഖ തയ്യാറാകണമെന്നാണ്. ഇതനുസരിച്ചാണ് കഴിഞ്ഞ യു.ഡി.എഫ്.

സർക്കാരിന്റെ കാലയളവിൽ ഒറിജിനൽ നിയമം രൂപകൽപ്പന ചെയ്തത്. ജില്ലയ്ക്ക് മുഴുവനായിട്ടുള്ള രൂപരേഖ എന്നതിന് പകരം ബില്ലിലെ 14ാം വകുപ്പ് പ്രകാരം പ്രധാന ആക്റ്റിന്റെ 13 (2) വകുപ്പിൽ കൊണ്ടുവരുന്ന ഭേദഗതി നിർദ്ദേശപ്രകാരം പല പല പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുക എന്നാണ് വിവക്ഷിക്കുന്നത്. ഇത് ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 243 ZD വിഭാവന ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അധികാര വികേന്ദ്രീകരണത്തിൽ നിരവധി പ്ലാനുകളും നിരവധി ഏജൻസികളും എന്ന കാഴ്ചപ്പാട് ഒഴിവാക്കണമെന്നാണ് അടിസ്ഥാന തത്വം. അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് ഇത്തരത്തിൽ ഓരോ പ്രത്യേക പ്രദേശത്തിനും ഓരോ പ്രത്യേക പ്ലാൻ എന്നത് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ഭരണഘടന നൽകിയിരിക്കുന്ന അധികാരത്തെ പരിമിതപ്പെടുത്തുന്നതും മാത്രമല്ല അശാസ്ത്രീയവുമാണ്. സംയോജിത ജില്ലാ വികസനരൂപരേഖയെ വിവിധ അറകളായി തിരിച്ച് തദ്ദേശ ഭരണ വകുപ്പ് പ്ലാനിംഗ് വക പ്ലാൻ തയ്യാറാക്കാനുള്ള പുതിയ നിർദ്ദേശം നിലവിൽ വരുന്നതിലൂടെ ഭരണഘടന വിഭാവന ചെയ്ത ജില്ലയ്ക്ക് മുഴുവനായുള്ള ഒരു പ്ലാൻ എന്നതിൽനിന്നും മാറി

കമ്പാർട്ട്മെന്റലൈസ് ചെയ്യുകയും അതിലൂടെ ഭിന്നിപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഭരണഘടനാ വിരുദ്ധമായ ഭേദഗതികൾ ഉൾപ്പെട്ട ബിൽ പിൻവലിച്ച് പ്രസ്തുത വ്യവസ്ഥകൾ നീക്കം ചെയ്ത് ബിൽ അവതരിപ്പിക്കുന്നതിനുവേണ്ട റൂളിംഗ് നൽകുവാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ക്രമപ്രശ്നം സംബന്ധിച്ച് പരിശോധിച്ചാൽ ബഹു. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞിട്ടുള്ള കാര്യം യഥാർത്ഥത്തിൽ 2005 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ 3-ാം വകുപ്പിൽ സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന ഗ്രാമ പ്രദേശങ്ങളിൽ ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെയുള്ള തൊഴിൽ ഒരു കുടുംബത്തിലെ സന്നദ്ധരായ അംഗങ്ങൾക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ആറാം വകുപ്പിൽ അവർക്ക് നൽകേണ്ട വേതന നിരക്ക് സംബന്ധിച്ച വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും അയ്യൻകാളി നഗര

തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും വരുന്ന തൊഴിലാളികൾക്ക് ക്ഷേമ ആനുകൂല്യങ്ങൾ നൽകുവാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംശദായം അടച്ച അംഗങ്ങൾക്ക് പെൻഷൻ നൽകുക തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. ബില്ലിൽ അവരുടെ വേതനത്തിൽ നിന്നും അംശദായം ഇനത്തിൽ ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. ബില്ലിന്റെ നാലാം വകുപ്പ് പ്രകാരം നിധിയിൽ അംഗമായി ചേരുവാൻ ആഗ്രഹിക്കുന്ന തൊഴിലാളി 50 രൂപ അംഗം അംശദായമായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. മാത്രമല്ല പ്രസ്തുത നിധിയിൽ ചേരാൻ ആഗ്രഹിക്കുന്നവർമാത്രം അംശദായം അടച്ചാൽ മതിയാകുന്നതാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര ആക്ടായ 2005 -ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ട് വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ഇതിനിടെ സംഖ്യാപരമായിട്ടുള്ള കാര്യങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതായത് ഈ സംഖ്യ നമ്മൾ അവതരിപ്പിച്ചിട്ടുള്ളത് 68.5 കോടി രൂപയാണ്. അനുമതിയാവില്ല എന്നാണ്

ഇവിടെ ചൂണ്ടികാണിച്ചത്. അതു ശരിയല്ല. ക്ഷേമനിധിയിൽ അംഗങ്ങളായ ആളുകൾ 18 വയസ്സുമുതൽ 55 വയസ്സുവരെ മാത്രമുള്ളവരാണ്. അങ്ങനെ വരുമ്പോൾ 12 ലക്ഷം ആളുകളാണ് ഈ പരിധിയിൽ വരിക. അപ്പോൾ 68.5 കോടി രൂപ മതിയാവും എന്നുള്ളതാണ് വ്യക്തം.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചിട്ടുള്ള ക്രമപ്രശ്നത്തിന്റെ ഭാഗമായി പരിശോധിച്ചാൽ കേരള സംസ്ഥാന നിയമസഭാ സമ്മേളനം ഇല്ലാതിരുന്നതിനാൽ 2020 മേയ് 2-ാം തീയതി ഓർഡിനൻസ് കേരള ഗവർണർ വിളംബരം ചെയ്തു. 2020 നവംബർ മാസത്തോടുകൂടി കാലാവധി തീരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് വാർഡ് വിഭജന പ്രക്രിയകൾ തടസ്സമാകുമെന്നതിനാലാണ് പ്രസ്തുത ഭേദഗതി ഓർഡിനൻസായി സർക്കാർ കൊണ്ടുവന്നത്. 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭാ സമ്മേളനത്തിൽ ബില്ലായി കൊണ്ടുവരാൻ സാധിക്കാതെയിരുന്നതിനാൽ 2020 സെപ്റ്റംബർ 26-ാം തീയതി ബഹുമാന്യനായ കേരള ഗവർണ്ണർ ഓർഡിനൻസ് വിളംബരം ചെയ്തത്. അന്നത്തെ പശ്ചാത്തലം നമുക്കെല്ലാം അറിയുന്നതാണ്. കോവിഡ്

മഹാമാരിയുടെ കാലത്ത് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഏറെ പ്രതിബന്ധങ്ങൾ വന്നതിനാൽ അത് പരിഹരിക്കുന്നതിനാണ് 2020-ലെ മൂന്നാം ഭേദഗതി ഓർഡിനൻസ് നവംബർ 19-ാം തീയതി ബഹുമാന്യനായ ഗവർണ്ണർ വിളംബരം ചെയ്തത്. പിന്നീട് 2020 ഡിസംബർ 31 നും 2021 ജനുവരി 8 മുതൽ 22 വരെയും ചേർന്ന നിയമസഭാ സമ്മേളനകാലത്തിലെ ഓർഡിനൻസുകൾക്കുപകരം ബിൽ കൊണ്ടു വരാൻ സാധിച്ചിരുന്നില്ല. നമ്മളെല്ലാരും കൂടി ചേർന്നു തീരുമാനിച്ച സമയക്രമമായിരുന്നു അന്നു തീരുമാനിച്ചത്. അതിന്റെ ഭാഗമായാണ് മേൽ ഭേദഗതികൾ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021 ഫെബ്രുവരി 9-ാം തീയതി ഓർഡിനൻസ് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ വിളംബരം ചെയ്തത്. കെട്ടിട നിർമ്മാണ പെർമിറ്റ് കാര്യത്തിൽ സാധാരണക്കാർക്ക് നേരിടുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് 2021-ലെ രണ്ടാം ഭേദഗതി ഓർഡിനൻസ് 2021 ഫെബ്രുവരി 12-ാം തീയതി ബഹുമാനപ്പെട്ട കേരള ഗവർണ്ണർ വിളംബരം ചെയ്തിട്ടുള്ളത്. 2021 മേയ് 24 മുതൽ ജൂൺ 10-ാം തീയതി വരെ നടന്ന നിയമസഭാ സമ്മേളന കാലത്ത് ഓർഡിനൻസ് നിയമസഭയിൽ

അവതരിപ്പിക്കുന്നതിന് കഴിയാത്തതിനാൽ ഭേദഗതി ഓർഡിനൻസ് 2021 ജൂലൈ 1-ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ വിളംബരം ചെയ്തു. 2021 ജൂലൈ 22 മുതൽ ആഗസ്റ്റ് 13 വരെ നടന്ന നിയമസഭാ സമ്മേളന കാലത്ത് ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കാൻ സാധിക്കാതെയിരുന്നതിനാൽ ആഗസ്റ്റ് 23-ാം തീയതി ഓർഡിനൻസ് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ വിളംബരം ചെയ്തു. ഈ നിയമസഭാ സമ്മേളന കാര്യപരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ എല്ലാ കക്ഷിനേതാക്കളും ഉൾപ്പെടുന്ന കാര്യോപദേശസമിതി തീരുമാനിച്ചതാണ്. സർക്കാരിന്റെ ഭാഗത്ത് നിന്ന് നിരുത്തരവാദപരമായി ഒരു സമീപനവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. പ്രസ്തുത 134ാം ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു നിയമം കൊണ്ടു വരുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. മേൽപ്പറഞ്ഞ നിയമസഭാ സമ്മേളനങ്ങളിലെ കാര്യപരിപാടി ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. നിയമനിർമ്മാണം പ്രധാന കാര്യപരിപാടിയായി ചേരുന്ന നിയമസഭാ സമ്മേളനത്തിൽ ആദ്യദിവസം തന്നെ ഈ സുപ്രധാന ബിൽ കൊണ്ടുവരുവാൻ തീരുമാനിച്ചത് ഇതിനെ അടിസ്ഥാനപ്പെടുത്തിയിട്ടാണ്.

അതുപോലെ ഭരണഘടനാപരമല്ല എന്നുള്ള വാദം നിലനിൽക്കുന്ന ഒന്നല്ല. കാരണം ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ഇതുമായി ബന്ധപ്പെട്ട് 28-04-2021- ന് സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭരണഘടനാപരമായ അനിവാര്യതയാണ് ഓർഡിനൻസ് പുനർവിളംബരം ചെയ്യേണ്ടതെന്ന് തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി നൽകിയ ക്രമപ്രശ്നം പരിശോധിക്കുമ്പോഴും ഇതിൽ ഡി.പി.സി.-യുടെ കാര്യം സംബന്ധിച്ച് ചൂണ്ടികാണിക്കുകയുണ്ടായി. നിലവിൽ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഡി.പി.സി. -കൾ നിലവിൽ ഉണ്ട്. ഭരണഘടനയുടെ 243 ZD അനുച്ഛേദം ഓരോ സംസ്ഥാനത്തെ ജില്ലാതലത്തിൽ ആ ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ജില്ലയ്ക്ക് മുഴുവനായിട്ടുള്ള വികസന പദ്ധതിയുടെ ഒരു കരട് തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇത്തരം ഡി.പി.സി.-കൾ നിലവിലുള്ളതാണ്. കൂടാതെ രണ്ടാം ഉപഖണ്ഡ പ്രകാരം നിയമം വഴി ആയതിന്റെ ഘടന അങ്ങനെയുള്ള

കമ്മിറ്റികൾക്ക് നീക്കിവയ്ക്കാവുന്ന ചുമതലകൾ മുതലായവ വ്യവസ്ഥ ചെയ്യാവുന്ന കാര്യമാണ്. നിയമം വഴി തന്നെ മറ്റു ചുമതലകളും ഏൽപ്പിക്കാൻ അവകാശം ഉണ്ട് എന്നുള്ളതാണ്. അതിനാൽ തന്നെ പ്രധാന ആക്ടിലെ 13-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ടുള്ള വ്യവസ്ഥ ഭരണഘടനാവ്യവസ്ഥയ്ക്ക് വിരുദ്ധമല്ല എന്നുള്ളതാണ്.